**എൻഡോസൾഫാൻ വിരുദ്ധ ക്യാമ്പയിനിൽ സജീവമായി ഇടപെട്ട മാതൃഭൂമിയുടെയും മലയാളമനോരമയുടെയും ആത്മാർഥതയിൽ സംശയം ജനിപ്പിക്കുന്ന തരത്തിലുള്ള വാർത്തകളാണ് ജനീവ സമ്മേളനത്തിൽ സ്വതന്ത്ര നിരീക്ഷകനായി പങ്കെടുത്ത മലയാളി ഡോക്ടറെക്കുറിച്ച് ഈ പത്രങ്ങൾ എഴുതിവിട്ടതെന്ന്**

**ഒ.കെ. ജോണി**

# കീടനാശിനിയേക്കാൾ മാരകം ഈ മാധ്യമ രാഷ്ട്രീയം

**എൻഡോസൾഫാൻ** നിരോധനത്തിനെതിരെ കേന്ദ്ര സർക്കാരും കോൺഗ്രസ് നേതൃത്വവും സ്വീകരിച്ച നിലപാട് ദേശീയതലത്തിൽതന്നെ വിമർശനവിധേയമായതോടെ കേരളത്തിലെ കോൺഗ്രസ് നേതൃത്വത്തിന് സമനിലതെറ്റിയിരിക്കുന്നു. അവർ പറയുന്നതും ചെയ്യുന്നതും എന്താണെന്ന് അവർക്കുതന്നെ അറിയില്ല എന്നതുകൊണ്ടുമാത്രം കേരളസമൂഹം അവരോട് ക്ഷമിക്കുമെന്ന് തോന്നുന്നില്ല. ആഗോള കുത്തകകൾക്കുവേണ്ടി സ്വന്തം നാട്ടിലെ നിരപരാധികളായ ആയിരക്കണക്കിന് മനുഷ്യരെ നിത്യരോഗികളാക്കുവാൻപോലും മടിയില്ലെന്ന് തെളിയിച്ച കേന്ദ്രസർക്കാരിനെ ന്യായീകരിക്കുവാനുള്ള കോൺഗ്രസ് നേതാക്കളുടെ അപഹാസ്യമായ ഉദ്യമങ്ങളെ ന്യായീകരിക്കുവാൻ മലയാളത്തിലെ മുൻനിര കോൺഗ്രസ്പക്ഷ മാധ്യമങ്ങൾക്കുപോലും കഴിഞ്ഞില്ല. ടെലിവിഷൻ ചാനലുകളുടെ വരവോടെ വിരലിലെണ്ണാവുന്ന മുഖ്യധാരാപത്രങ്ങൾ പിടിച്ചുവെച്ചിരുന്ന വാർത്തകളുടെ മേലുള്ള കുത്തകാവകാശം ഇല്ലാതായെന്ന് അവരും അറിഞ്ഞുകഴിഞ്ഞു. കേരളസമൂഹം ഒറ്റമനസ്സോടെ തിരസ്കരിച്ച എൻഡോസൾഫാനുവേണ്ടി പരസ്യനിലപാടെടുത്താൽ ജനങ്ങളുടെ തിരസ്കാരം ഏറ്റുവാങ്ങേണ്ടിവരുമെന്ന ഭയംകലർന്ന കച്ചവടസൂത്രത്തിന്റെ ഭാഗമായി എൻഡോസൾഫാൻ വിരോധികളായി അഭിനയിക്കുവാൻ ഭരണകൂടാനുകൂലമാധ്യമങ്ങൾ പോലും നിർബന്ധിതമായി എന്നതാണ് വാസ്തവം.

എൻഡോസൾഫാൻ അപകടകാരിയാണെന്നു വിശ്വസിക്കുന്ന മാതൃഭൂമിസ്വന്തംനിലയ്ക്കുതന്നെ എൻഡോസൾഫാൻ വിരുദ്ധ കാമ്പയ്ൻ നടത്തുന്നുണ്ട്. അത്രത്തോളം പോയില്ലെങ്കിലും എൻഡോസൾഫാൻ വിരുദ്ധ സമരങ്ങളുടെ വാർത്തകൾ മുഴുവൻ മൂടിവെയ്ക്കാതിരിക്കുവാൻ മലയാള മനോരമയും ശ്രദ്ധിച്ചു. മനോരമയുടെ ടെലിവിഷൻ ചാനലിലെ അവതാരകർ അവരുടെ പതിവ് ജേണലിസ്റ്റിക് അതിസാമർഥ്യവും നിഷ്പക്ഷതാനാട്യവും മറന്ന് ഇക്കാര്യത്തിൽ ഒരു ജനപക്ഷ നിലപാടെടുത്തു എന്നതും കാണാതിരുന്നുകൂടാ. എന്നാൽ മലയാളത്തിലെ രണ്ട് മുൻനിര പത്രങ്ങളും ഒരേദിവസം പ്രസിദ്ധീകരിച്ച സമാനമായ ഒരു വാർത്ത അവരുടെ ആത്മാർഥതയിൽ സംശയം ജനിപ്പിക്കുന്നതാണ്. എ




ന്നുമല്ല; അത് മാധ്യമങ്ങളുടെയും മാധ്യമപ്രവർത്തകരുടെയും സാമൂഹിക സാക്ഷരതയെക്കുറിച്ച് ഉൽക്കണ്ഠയുളവാക്കുന്നതുമാണ്.

ജനീവ സമ്മേളനത്തിൽ സ്വതന്ത്ര നിരീക്ഷകനായി പങ്കെടുത്ത മലയാളി ഡോക്ടറെക്കുറിച്ച് പ്രത്യക്ഷപ്പെട്ട ഈ രണ്ടു പത്രങ്ങളിലെയും വാർത്തകൾ ഒരാൾതന്നെ എഴുതിയതാണോ എന്ന് സംശയം ജനിപ്പിക്കുംവിധം അത്ഭുതകരമായ സാദൃശ്യമുള്ളവയാണ്. വാർത്തയിൽ മാത്രമല്ല; വാർത്തയ്ക്കു പിന്നിലെ അജണ്ടയിലുമുണ്ട് കൗതുകകരമായ സാദൃശ്യം. അതുകൊണ്ട് ആ രണ്ട് കൗതുകവാർത്തകളും ഉദ്ധാരണയോഗ്യമാണ്. വിസ്തരഭയത്താൽ ഒന്നുമാത്രം ഉദ്ധരിക്കാം.

**"എൻഡോസൾഫാൻ: സർക്കാർ ചെലവിൽ നിരീക്ഷകനെ അയച്ചത് വിവാദമാകുന്നു" എന്ന മാതൃഭൂമി വാർത്തയുടെ പ്രസക്ത ഭാഗങ്ങൾ (ഏപ്രിൽ 29) ഇങ്ങനെ:**

തിരുവനന്തപുരം: എൻഡോസൾഫാൻ അടക്കമുള്ള മാരക കീടനാശിനികളുടെ ഭാവി തീരുമാനിക്കുന്ന സ്റ്റോക്ഹോം കൺവെൻഷനിൽ പങ്കെടുക്കാൻ സർക്കാർ ചെലവിൽ സ്വതന്ത്ര നിരീക്ഷകനെന്ന പേരിൽ ആളെ അയച്ചത് വിവാദമാകുന്നു. ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ കണ്ണൂർ ജില്ലാ പ്രോഗ്രാം മാനേജറും എൻഡോസൾഫാൻ നോഡൽ ഓഫീസറുമായ ഡോ.മുഹമ്മദ് അഷീലിനെയാണ് സംസ്ഥാന സർക്കാർ ജനീവയിലേക്ക് അയച്ചിരിക്കുന്നത്. ഗ്രാമീണ ആരോഗ്യമിഷൻ പൂർണമായും കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ ഫണ്ട് ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത്... യാത്രയുടേത് അടക്കമുള്ള അദ്ദേഹത്തിന്റെ ചെലവുകൾ ദേശീയ ആരോഗ്യ മിഷനാണ് വഹിക്കുക...ജനീവയിലെ സ്റ്റോക്ഹോമിൽ നടക്കുന്ന കൺവൻഷനിൽ സ്വതന്ത്രനിരീക്ഷകൻ എന്ന നിലയിലാണ് ഡോ.മുഹമ്മദ് അഷീൽ പങ്കെടുക്കുന്നത്. എൻഡോസൾഫാൻ നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി നടത്തിയ നിരാഹാരസമരം വെബ്കാസ്റ്റ് ചെയ്ത് കൺവെൻഷൻ നടക്കുന്ന പ്രധാനവേദിക്ക് പുറത്ത് പ്രദർശിപ്പിച്ചതിൽ അദ്ദേഹവും പങ്കാളിയായിരുന്നു.... കേന്ദ്രസർക്കാർ കൺവെൻഷനിൽ സ്വീകരിക്കുന്ന നിലപാടുകളും മറ്റും അപ്പപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിലെത്തുന്നുണ്ട്.
കേന്ദ്രം സ്വീകരിക്കുന്ന എൻഡോസൾഫാൻ അനുകൂല നിലപാടുകൾ സംബന്ധിച്ച വാർത്തകൾക്ക് ഏറെ പ്രചാരം കിട്ടുന്നുമുണ്ട്...

സർക്കാർ ചെലവിൽ നിരീക്ഷകനെ അയച്ചത് വിവാദമാകുന്നു എന്നു പറയുന്ന മേലുദ്ധരിച്ച വാർത്തയിൽ ആ വിവാദത്തെക്കുറിച്ചൊരു സൂചനയുമില്ല. ആരാണ് വിവാദം ഉണ്ടാക്കിയതെന്നോ എന്താണ് വിവാദമെന്നോ പറയുന്നില്ല. ഇതൊരു വിവാദമാക്കാൻ ആഗ്രഹിക്കുന്ന ലേഖകൻ ഡോക്ടർക്കെതിരെ സ്വയം നിരത്തുന്ന തെളിവുകളും വാദങ്ങളുമാണ് ഈ വാർത്തയിലുള്ളത്. കേന്ദ്ര സർക്കാരിന്റെ ശമ്പളം വാങ്ങുന്ന ഒരു ഉദ്യോഗസ്ഥൻ കേരള സർക്കാരിനുവേണ്ടി കേന്ദ്ര സർക്കാരിനെതിരെ പ്രവർത്തിച്ചു എന്ന് പരോക്ഷമായി സ്ഥാപിക്കുകയാണ് ഈ വാർത്തയുടെ ഏക താൽപര്യം. പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയാകുന്നതോടെ ഈ വാർത്തയുടെ അവലംബത്തിൽ ഇയാളുടെ കസേര തെറിക്കുമെന്ന സ്വകാര്യമോഹവും അതുവഴി താനൊരു സമർഥനായ പത്രപ്രവർത്തകനാണെന്ന് സ്ഥാപിക്കാമെന്ന അത്യാഗ്രഹവും ഒളിച്ചുവെച്ച അപൂർവമായൊരു വാർത്തയാണിത്. ഒരു വലിയ കണ്ടുപിടുത്തം നടത്തിയെന്ന മട്ടിൽ അമ്പട ഞാനേ എന്നു ഭാവിക്കുന്ന ഈ ലേഖകന് അർഹിക്കുന്ന പ്രതിഫലം ഭാവിയിൽ യു ഡി എഫ് നൽകാതിരിക്കുമോ? അതാണ് വാർത്തയുടെ ഉദ്ദിഷ്ട ഫലപ്രാപ്തിയെന്ന് ഈ ലേഖകന്റെ സാക്ഷരതാ നിലവാരത്തിലുള്ള വായനക്കാരനുപോലും മനസ്സിലാകുമെന്നതാണ് ആ വാർത്തയുടെ പരാധീനതയും.

സ്വതന്ത്ര നിരീക്ഷകന്റെ ചെലവ്

കേരള സർക്കാർ വഹിച്ചുവെന്ന മറ്റൊരു ആക്ഷേപവും മാതൃഭൂമിലേഖകനുണ്ട്. കേന്ദ്രത്തിന്റെ ഉപ്പും ചോറും തിന്ന് നന്ദികേടു കാട്ടിയ ഡോക്ടറെയും അയാളെ സ്പോൺസർ ചെയ്ത സംസ്ഥാന സർക്കാരിനെയും പ്രതിക്കൂട്ടിലാക്കിയിരിക്കുകയാണ് ഈ പത്രലേഖകൻ. മാതൃഭൂമി ലേഖകന്റെ ഈ ധാർമ്മികരോഷത്തിന്റെ സ്രോതസ്സ് അറിയുവാൻ മനോരമലേഖകന്റെ വാർത്ത വായിക്കണമെന്നതാണ് രസകരമായ സംഗതി. മാതൃഭൂമി ലേഖകൻ പറഞ്ഞ അതേ കാര്യങ്ങൾ നിരത്തിക്കൊണ്ട് മനോരമ ലേഖകൻ വാർത്തയ്ക്കൊടുവിൽ പ്രതിപക്ഷനേതാവിനെക്കൂടി ഉദ്ധരിക്കുന്നുണ്ട്. സ്വതന്ത്ര നിരീക്ഷകനെന്നപേരിൽസർക്കാർ ഉദ്യോഗസ്ഥനെ സർക്കാർചെലവിൽ ജനീവയിലേക്കയച്ചത് കുറ്റകരമായ നടപടിയാണെന്ന പ്രതിപക്ഷനേതാവിന്റെ പ്രസ്താവനയോടെയാണ് മനോരമവാർത്ത ഉപസംഹരിക്കുന്നത്. അപ്പോൾ അതാണ് കാര്യം.

പ്രതിപക്ഷനേതാവിന്റെ ഓഫീസിൽനിന്ന് കിട്ടിയ പ്രസ്താവനയുടെ ആദ്യഭാഗമെടുത്ത് മാതൃഭൂമിലേഖകൻ സ്വന്തമായൊരു വിവാദവാർത്തഉണ്ടാക്കുകയായിരുന്നു. മനോരമലേഖകനാവട്ടെ, ആ പ്രസ്താവനയെ സ്വന്തം വാർത്തയാക്കിയതോടൊപ്പം അതിന് സാധൂകരണവും വിശ്വാസ്യതയും ഉണ്ടാക്കുവാൻ പ്രതിപക്ഷനേതാവിന്റെ പ്രതിഷേധം അതോടൊപ്പംതന്നെ കൂട്ടിച്ചേർക്കുകയുമാണ്. രാഷ്ട്രീയ നേതാക്കളുടെ പ്രസ്താവനകളെ വാർത്തയാക്കി മാറ്റിയെടുക്കുന്നതിൽ രണ്ട് പ്രമുഖ പത്രങ്ങളുടെ സ്വന്തം ലേഖകന്മാർ പ്രകടിപ്പിച്ച വിരുത്ജേണലിസം വിദ്യാർഥികൾക്കൊരു നിഷേധപാഠവും വായനക്കാർക്ക് നല്ലൊരു ഫലിതവുമായി പരിണമിച്ചിരിക്കുന്നു.

എന്നാൽ ഇത് വെറും തമാശയല്ല. തമാശയ്ക്കപ്പുറം വലിയൊരു സാമൂഹികവിരുദ്ധത ഇതിലൊളിച്ചിരിക്കുന്നു. തന്റെ പാർട്ടിയെ നാണക്കേടിൽനിന്ന് രക്ഷിക്കുവാൻ പ്രതിപക്ഷ നേതാവ് മലക്കംമറിയുന്നതും ഏത് കച്ചിത്തുരുമ്പിൽ പിടികൂടുന്നതും നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നാൽ പ്രതിപക്ഷ നേതാവിന്റെ താൽപര്യങ്ങളെ വാർത്തകളെന്ന വ്യാജേന പത്രലേഖകൻ വായനക്കാരിൽ അടിച്ചേൽപ്പിക്കാൻ തുനിയുന്നത് മിതമായ ഭാഷയിൽപ്പറഞ്ഞാൽ പൈമ്പികവൃത്തിയേക്കാൾ മ്ലേച്ഛമാണ്. മേൽപ്പറഞ്ഞ ലേഖകന്മാർ ഈ ഹീനവൃത്തിയിലൂടെ അവരുടെ പത്രങ്ങൾക്കുതന്നെ ചീത്തപ്പേരുണ്ടാക്കിയിരിക്കയാണ്. ഇത് തൊഴിൽ സാമർത്ഥ്യമോ മാധ്യമ നിരക്ഷരതയോ അല്ല; കേവലമായ സാമൂഹികവിരുദ്ധതയാണ്. പ്രശസ്ത പത്രസ്ഥാപനങ്ങളുടെ മേൽവിലാസം പലപ്പോഴും ഇത്തരം മ്ലേച്ഛമനസ്സുകൾക്ക് സുരക്ഷിതകവചമാകാറുണ്ട് എന്നതും വാസ്തവമാണ്.

എൻഡോസൾഫാൻ നിരോധനത്തിനെതിരെ കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാടിനു പിന്നിലെ ജനവിരുദ്ധതയും അഴിമതിയും അങ്ങാടിപ്പാട്ടായപ്പോൾ ഏതുവിധത്തിലും അതിനെ വെള്ളപൂശാൻ ശ്രമിക്കുകയായിരുന്നു, കേരളത്തിലെ വി എം സുധീരനൊഴിച്ചുള്ള കോൺഗ്രസ് നേതാക്കൾ. അതവരുടെ നിലനിൽപ്പിന്റെ പ്രശ്നവുമാണ്. എന്നാൽ മാധ്യമങ്ങൾക്ക് ഇവരുടെ താൽക്കാലികതന്ത്രങ്ങൾക്കുപരിയായ വിവേകവും നിലപാടുകളും ആവശ്യമുണ്ട്. ഡോ.മുഹമ്മദ് അഷീൽ സ്വതന്ത്ര നിരീക്ഷകനായാണ് ജനീവ കൺവെൻഷനിൽ പങ്കെടുത്തത്. സ്വതന്ത്ര നിരീക്ഷകനെന്നത് കേരള സർക്കാർ നൽകുന്ന വിശേഷണമല്ല. പല മേഖലകളിൽനിന്നുള്ള ക്ഷണിതാക്കളിലൊരാളായ ഇയാൾ കേരള സർക്കാരിനുവേണ്ടി പ്രവർത്തിച്ചു എന്നത് കുറ്റമായി കാണുന്ന ഉമ്മൻ ചാണ്ടിയും ഉമ്മൻചാണ്ടിക്കുവേണ്ടി വ്യാജവാർത്തയെഴുതിയ മനോരമയുടെയും മാതൃഭൂമിയുടെയും ലേഖകന്മാരും ആരുടെ പക്ഷത്താണ്? എൻഡോസൾഫാൻ ലോബിക്കുവേണ്ടി ഈ വാർത്തയെഴുതിയ ലേഖകന്മാരുടെ പക്ഷത്തുതന്നെയാണോ അവരുടെ പത്രങ്ങളും? അല്ലെങ്കിൽ ഈ ലേഖകന്മാർക്കുനൽകാവുന്ന ന്യായമായ ശിക്ഷ അവരുടെ പേര് വെളിപ്പെടുത്തുകയാണ്. ഇത്തരം ജനവിരുദ്ധ നിലപാടെടുക്കുന്നവർ എന്തുകൊണ്ട് അവരുടെ പേര് വെളിപ്പെടുത്താൻ തയ്യാറാവുന്നില്ല?

എൻഡോസൾഫാൻ കാസർകോട്ടുണ്ടാക്കിയ വിവരണാതീതമായ ദുരന്തം ഇന്ന് ലോകമെങ്ങും പരിചിതമാണ്. ഉത്തരവാദിത്വബോധമുള്ള കേരളത്തിലെ ഒരു വിഭാഗം മാധ്യമങ്ങളുടെകൂടി സഹായത്തോടെയാണ് ഈ മാരക കീടനാശിനിക്കെതിരായ പൊതുജനാഭിപ്രായവും ആഗോള നിയമനടപടികളും ഉണ്ടായത്. എന്നാൽ മേൽപ്പറഞ്ഞതരം പിതൃരഹിതവാർത്തകൾ (ആ വാർത്തകളിൽ ലേഖകരുടെ ബൈലൈനില്ല എന്ന അർഥത്തിൽ) നമ്മുടെ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നുവെന്നത് മലയാളികൾക്കാകെ ലജ്ജാകരമാണ്. തങ്ങൾ ജോലി ചെയ്യുന്ന പത്രസ്ഥാപനങ്ങൾതന്നെ എൻഡോസൾഫാനെതിരായ നിലപാടെടുക്കുമ്പോൾ, ജനങ്ങൾക്കുവേണ്ടി നിലക്കൊണ്ട ഒരു ഡോക്ടറെ വലയിലകപ്പെടുത്താനായി വ്യാജവാർത്തയെഴുതിയ ഹീനമനസ്കരായ ആ രണ്ട് പത്രോപജീവികളും സഹതാപം മാത്രമാണ് അർഹിക്കുന്നത്. സാമൂഹികബോധമില്ലാത്ത വെറും കരിയറിസ്റ്റുകൾ മാധ്യമപ്രവർത്തകർക്കിടയിൽ മാത്രമല്ല ഉള്ളതെന്ന് ആശ്വസിക്കുകയേ നിർവാഹമുള്ളൂ.

ഡോ. മുഹമ്മദ് അഷീലിനെ അയാൾ ചെയ്ത പാതകങ്ങളുടെ പേരിൽ വിചാരണചെയ്ത് ശിക്ഷിക്കുവാൻ ഉമ്മൻചാണ്ടിയോടും ഇപ്പറഞ്ഞ പത്രോപജീവികളോടുമൊപ്പം അന്നം കഴിക്കുന്ന ഒരു മലയാളിയുമുണ്ടാവില്ല. വലിയ പത്രങ്ങളുടെ തോളിലിരുന്ന് മലയാളികളെ കൊഞ്ഞനംകുത്തുന്ന അധമമനസ്കർ രാഷ്ട്രീയ നേതാവിന്റെ പ്രസ്താവന കൊണ്ട് വാർത്തയുണ്ടാക്കുന്ന സൂത്രവിദ്യയുമായി പ്രസ് അക്കാദമി ചെയർമാനായും മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറിയായും വിരാജിക്കുന്നതുകാണാൻ മലയാളികൾ കാത്തിരിക്കുന്നു.

(കടപ്പാട് : ജനയുഗം, 2011 മെയ് 6)

books
magazines
periodicals

Byword
BOOKS

marva plaza, machingal lane,m.g. road, thrissur
Tel. : 0487 3256689,Mob : 9847764577